# ZAM ZAM സംസം

ലോകത്ത് ഒരുപാട് മതങ്ങളുണ്ട് അവർക്കൊക്കെ തീർത്ഥാടന സ്ഥലങ്ങളും പുണ്യ സ്ഥലങ്ങളും പുണ്യം കിട്ടുന്ന വസ്തുക്കളുമുണ്ട്. അതിൽ മുസ്ലിംകളുടെ ഒരു പുണ്യ വെള്ള മാണ് സംസം വെള്ളം .മുസ്ലിംകളുടെ അടിസ്ഥാന പ്രമാണമായ ഖുർആനിൽ സംസം എന്ന ഒരുവാക്കു പോലും ഇല്ല എന്നത് സാധാരണക്കാരായ മുസ്ലിംകൾക്കറിയില്ല. നാം ഈ കാര്യം പറയുമ്പോൾ വളരെ അതിശയത്തോടുകൂടി നമ്മോടു പലരും ഖുർആനിൽ ഇങ്ങിനെ ഒരു വാക്ക് ഇല്ലേ എന്ന് ചോദിച്ചിട്ടുണ്ട് ഈ രൂപത്തിലുള്ള പുണ്ണ്യവെള്ളത്തെക്കുറിച്ച് വിവിധ മതങ്ങളുടെ വീക്ഷണം അവതരിപ്പിച്ച ശേഷംസംസം വെള്ളത്തിലേക്കു വരാം.

## ക്രിസ്തു മതം

ഇംഗ്ലണ്ടിലെ അടിസ്ഥാന ക്രിസ്ത്യാനകളിലും,കാത്തലിക് വിശ്വാസത്തിലും,ഓർത്തഡോക്സ് സഭകളിലും മറ്റു ചില ചർച്ചുകളിലും മാമോദീസ മുക്കുന്നതിനും വ്യക്തികളെയും,സ്ഥലങ്ങളെയും, വസ്തുക്കളെയും അനുഗ്രഹിക്കുന്നതിനുവേണ്ടിയും , പുരോഹിതന്മാരാലും, ബിഷപ്പുമാരാലും വിശുദ്ധമാക്കപ്പെട്ട പരിശുദ്ധവെള്ളം ഉപയോഗിച്ചുവരുന്നു.മാമോദീസ ആഘോഷത്തിനുവേണ്ടി ലോകം മുഴുവൻ ക്രിസ്തുമത വിശ്വാസികൾ വിശുദ്ധ വെള്ളം ഉപയോഗിക്കുന്നു.

## ഹിന്ദുമതം

ഹിന്ദുക്കളെ സംബന്ധിച്ച് ഒരു വിധം എല്ലാ വെള്ളവും വിശുദ്ധവെള്ളങ്ങളാണ്. പ്രത്യേകിച്ച് പുഴയിലെ വെള്ളങ്ങൾ ,ഏഴു നദികളുണ്ട് ഇവർ പുണ്ണ്യമായി കാണുന്നവ. ഗംഗ,യമുന ,ഗോദാവരി,സരസ്വതി,നർമദ,സിന്ധു, കാവേരി എന്നിവയാണ് അവ. ഇതുമായി ബന്ധപ്പെട്ട ഹിന്ദുക്കൾക്ക് ഒരുപാടു വിശ്വാസങ്ങളുണ്ട്.അധിക ഹിന്ദുക്കളും ശാരീരിക ശുദ്ധി നേടുന്നതിനും,ആത്മീയമായ മാലിന്യങ്ങൾ ഒഴിവാക്കുന്നതിനും ഈ ജലങ്ങൾ ഉപയോഗിക്കുന്നു. ഈ വെള്ളത്തെ ശാരീരിക ശുദ്ധിക്കും,ആത്മീയ ശക്തിക്കും ഇവർ ഉപയോഗിക്കുന്നു.

ഹിന്ദുക്കളെ സംബന്ധിച്ച് തീർത്ഥാടനം വളരെ പ്രധാനപ്പെട്ടതാണ്.പുഴകളും,നദീതീരങ്ങളും,നീരുറവകളും ,കടൽ തീരങ്ങളും ,മലകളും വിശുദ്ധ പ്രദേശങ്ങളായി കണക്കാക്കുന്നു.ഗംഗയിലെ ജലമാണ് ഏറ്റവും പരിശുദ്ധമായതും ,പാപങ്ങളും,അഴുക്കും ഏറ്റവും കൂടുതൽ നീക്കം ചെയ്യുന്നതും .സ്വർഗ്ഗത്തിലൂടെ ഒഴുകിയിരുന്ന നദിയായിരുന്നു ഗംഗ എന്നാണ് ഇവരുടെ വിശ്വാസം.ഭഗീരഥൻ തന്റെ തപസ്സിലൂടെ പ്രയത്നിച്ചിട്ടാണ്

ഗംഗ ഭൂമിയിലേക്ക് വന്നത്. തന്നെ ചുമക്കാൻ ഭൂമിയിൽ ആർക്കും സാധിക്കില്ല എന്ന് ഗംഗ അഹങ്കരിച്ചപ്പോൾ ശിവൻ താൻ വഹിച്ചുകൊള്ളാമെന്നു ഏൽക്കുകയും അങ്ങിനെ ഗംഗ സ്വർഗ്ഗത്തിൽ നിന്നും ശിവന്റെ തലയിലേക്ക് ഒഴുകി എന്നൊക്കെയാണ് വിശ്വാസം.അങ്ങിനെശിവന്റെ മുടിയിലൂടെയാണ് ഈ നദി ഒഴുകിവരുന്നത് എന്നാണ് ഇവരുടെ വിശ്വാസം(ഇത് ഒരു നീണ്ട കഥയാണ്)..വിശുദ്ധ ജലങ്ങളിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് ഗംഗയിലെ ജലം. ഈ ജലം പൂജ(ആരാധന)ക്ക് ഉപയോഗിക്കുന്നു .അതിലെ ഒരു തുള്ളിവെള്ളം കുടിച്ചാൽ പോലും മൃത്യു ഒഴിവാക്കുന്നു.

## ജൂദായിസം:

ജൂദായിസത്തിൽ അനുഷ്ഠാനപരമായ കഴുകൽ അനുഷ്ഠാനങ്ങളുടെ പരിശുദ്ധി നിലനിർത്താനോ ,അല്ലെങ്കിൽ മനുഷ്യനെ പാപങ്ങളില്ലാതെ പൂർവ്വ സ്ഥിതിയിലാക്കാനോ വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ രൂപം തൗറാത്തിൽ കാണാം. ഈ ശുദ്ധിസ്നാനം കൈകളും കാലടികളും കഴുകുന്നതിലൂടെയോ അല്ലെങ്കിൽ കടൽ ,പുഴ ,ഉറവകൾ മുതലായ ജലങ്ങളിൽ മുഴുവൻ മുങ്ങിക്കുളിക്കുകയോ ചെയ്താൽ വിശുദ്ധി നേടുമെന്നാണ് ഇവരുടെ വിശ്വാസം. ഇവരുടെ ആരാധനാലയങ്ങളിൽ സ്നാനം നടത്തുക പുരോഹിതന്മാരാലാണ് .ജൂദായിസത്തിലേക്ക് മതം മാറ്റാനും സ്നാനം ചെയ്യുന്നു. ഒരു സ്ത്രീയെ ആരാധനലയത്തിന്റെ സേവനത്തിനെടുക്കാൻ അവളുടെ ആർത്തവത്തിന്റെ ഏഴാം ദിവസം പുരോഹിതന്മാർ അവരുടെ കയ്യും ,കാലും കഴുകിക്കൊടുക്കുന്നു. ഭക്ഷണത്തിനു മുമ്പും ശേഷവും മറ്റു പല സന്ദർഭങ്ങളിലും കൈകൾ അനുഷ്ഠാനമെന്നോണം കഴുകൽ പതിവാണ് .

ഉൽപത്തി 6-8 ൽ ഏറ്റവും വലിയ ജലപ്രളയത്തിന്റെ കഥ പറയുന്നുണ്ട് .ദൈവം ഏറ്റവും വലിയ ഒരു പ്രളയത്താൽ മനുഷ്യരെ നശിപ്പിച്ചു. നൂഹ് ഉണ്ടാക്കിയ കപ്പലിൽ നൂഹും,അയാളുടെ കുടുംബവും,മൃഗങ്ങളിൽ നിന്നും ഓരോ ഇണകളും മാത്രം രക്ഷപ്പെട്ടു. അതിനു ശേഷം ഇനി ഭൂമിയെ നശിപ്പിക്കാനുള്ള ശ്രമമുണ്ടാകില്ലെന്ന് ദൈവം സത്യം ചെയ്യുകയും അതിന്റെ അടയാളമായിക്കൊണ്ട് മഴവില്ലിനെ അയക്കുകയും ചെയ്തു.ആസ്ത്രേലിയൻ ആദിമ സമൂഹങ്ങളിലും ,പസഫിക് ദ്വീപുകളിലും ,മറ്റുമുള്ള പല സംസ്കാരങ്ങളിലും ഈ പ്രളയത്തിന്റെ കഥ കാണാം.ഇസ്രായീലികളുടെ കഥ ഇതിൽ നിന്നും വ്യത്യസ്ഥമാണ് .കാരണം അതിൽ ദൈവത്തിൽ നിന്നും, മനുഷ്യൻ സദാചാരത്തിലും,ധർമ്മത്തിലും ജീവിച്ചതിനു വാഗ്ദാനമായിട്ടാണ് വിശദീകരിക്കുന്നത്.നൂഹിനെ അദ്ദേഹം വിശ്വാസിയായതുകൊണ്ട് രക്ഷപ്പെടുത്തുകയും മറ്റുള്ളവരെ ദൈവീക ശിക്ഷയായി നശിപ്പിക്കുകയും ചെയ്തു.ഈ ജലപ്രളയം ലോകത്തെ സർവ്വ പാപവും നശിപ്പിച്ചു കളഞ്ഞു .കാരണം അവൻ മനുഷ്യനെ വീണ്ടും പുതുതായി കൊണ്ടു വരാൻ കഴിയുന്നവനാണ്.യേശു മരിക്കുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു എന്ന വിശ്വാസവും ഇതിന്റെ അനുകരണമാണ്.മനുഷ്യന്റെയും ദൈവത്തിന്റെയും ഇടയിൽ നില്കുന്ന എല്ലാ പാപവും വേരോടെ യേശു അറുത്തു കളഞ്ഞുവെന്നാണല്ലോ വിശ്വാസം.?.

പിന്നീട് ജൂദ കഥകളിൽ കാണുന്ന ചരിത്രമാണ് മൂസയാൽ ചെങ്കടൽ പിളർക്കുകയും ഫറോവയുടെ സൈന്യം ഇസ്രായീല്യരെ പിന്തുടർന്നപ്പോൾ കടൽ പിളർത്തിക്കൊണ്ട് അവരെ രക്ഷപ്പെടുത്തുകയും ചെയ്ത കഥ.ദൈവം മൂസക്ക് കടൽ പിളർത്തി വരണ്ട വഴിയിലൂടെ രക്ഷപ്പെടാൻ അനുവദിക്കുകയും അവരെ പിന്തുടർന്നു വന്ന ഈജിപ്ത് തുകാർ ആ കടലിൽ മുങ്ങിച്ചാവുകയും ചെയ്തു. ഇത് മൂസയുടെയും ഇസ്രായീല്യരുടെയും വിശ്വാസംകൊണ്ടു സാധിച്ചെടുത്തതാണ്.ചെങ്കടൽ പിളർത്തിയത് കാണിക്കുന്നത് ദൈവം പ്രകൃതിയേക്കാൾകഴിവുള്ളവനാണ് എന്നാണ്. ഇവിടെ വെള്ളം നല്ല ശക്തിയുള്ളതായിട്ടാണ് മനസ്സിലാകുന്നത്. (ഈജിപ്തിരെ,) ശിക്ഷിക്കാനും (ഇസ്രായീല്യരെ) അനുഗ്രഹിക്കാനുമുള്ള ഉപകരണമായി ദൈവം ഇതിനെ ഉപയോഗിച്ചു.

ശവശരീരവുമായുള്ള ഇടപെടലുകൾക്കു ശേഷവും ,ആർത്തവത്തിനു ശേഷവും ആകാശ ജലത്തിൽ കുളിച്ചു വൃത്തിയാവുക എന്നത് ഇവരുടെ ആചാര കുളിയായി വിശ്വസിക്കുന്നു. ഇത് മതം മാറ്റാനുള്ള ആഘോഷങ്ങളിലും ഉപയോഗിച്ചുവരുന്നു .ഇതുമായി ബന്ധപ്പെട്ട് ഇവർക്കിടയിൽ വേറെയും ഒരുപാട് വിശ്വാസങ്ങളുണ്ട് .എല്ലാം ഇവിടെ വിശദീകരിക്കുന്നില്ല .ചുരുക്കത്തിൽ എല്ലാ മതങ്ങളിലുമുണ്ട് ചില പ്രത്യേകം ജലങ്ങൾക്കുമാത്രം പരിശുദ്ധി കൽപിക്കലും ആരാധ്യ വസ്തുവാക്കലും എന്നു നാം തിരിച്ചറിയുക

## ഷിന്റോ

ജപ്പാൻകാരുടെ ഒരു മതമാണ് ഷിന്റോ.കാമി എന്ന ദേവനോടുള്ള ആദരവിനെ അടിസ്ഥാനമാക്കിയാണ് ഈ മതം ഉണ്ടായിട്ടുള്ളത്.എണ്ണമറ്റ ദേവന്മാരെ വിശ്വസിക്കുക എന്നത് ഇവരുടെ പതിവാണ് .മലകൾ,മരങ്ങൾ,നീരുറവകൾ ,മറ്റു പ്രകൃതിയിലെ പ്രതിഭാസങ്ങൾ എന്നിവ കാമീ വിശ്വാസികൾ ആരാധിക്കുന്നവയാണ് .പൊതു ജനങ്ങളായാലും മറ്റുള്ളവരാണെങ്കിലും അവരുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങുന്നത് വെള്ളം കൊണ്ടു ശുദ്ധിയായിക്കൊണ്ടാണ് .വെള്ളച്ചാട്ടങ്ങളെ വിശുദ്ധമായി കാണുന്നതും പരിശുദ്ധരാകാൻ അവക്കു ചുവട്ടിൽ നിൽക്കുകയും ചെയ്യുക എന്നത് ഇവരുടെ വിശ്വാസമാണ്

## സൊറസ്റ്ററാനിസം

സൊറസ്റ്ററാനിസത്തിൽ,, വെള്ളത്തിന് വസ്തുക്കൾ പരിശുദ്ധമാക്കാനും,, അടിസ്ഥാന ജീവിതത്തിലും വളരെ പ്രാധാന്യമുണ്ട്..അതുകൊണ്ടു തന്നെ ആചാര അനുഷ്ഠാനങ്ങളുടെ ശുദ്ധിക്കുവേണ്ടി വെള്ളം ഉപയോഗിക്കുന്നു.

നന്മയെയും ചീത്തയെയും എതിർക്കുന്നതിനുള്ള നല്ല വിശദീകരണം ഉൾക്കൊള്ളുന്നതും ,മനസ്സിന്റെയും ശരീരത്തിന്റെയും ഉൾക്കൊള്ളിച്ചു കൊണ്ടുമുള്ള ഒരു വിശ്വാസമാണ് സൊറസ്റ്ററാനിസം .മലിനീകരണം ചെകുത്താനും ,വെള്ളം അതു ശുദ്ധമായിരിക്കുമ്പോൾ പവിത്രമാണെന്നുമാണെന്നാണ് ഇവരുടെ വിശ്വാസം. സൊറാസ്റ്ററാനിസത്തി

ൽ വിശ്വസിക്കുന്നവർ ഏത് നിലക്കുള്ള മലിനീകരണവും ചെറുക്കുകയും ,അവരുടെ പ്രാർത്ഥനകൾ (അവ 5 നേരങ്ങളിലായിട്ടാണ്) എന്നു പറയപ്പെടുന്നവക്കു മുമ്പായി ക്കൊണ്ടും വിവാഹം പോലെയുള്ള മതപരമായ ആഘോഷങ്ങൾക്കു മുമ്പും അംഗശുദ്ധി വരുത്തുക എന്നത് അവരുടെ പതിവാണ്.സൊറസ്റ്റിയൻ ചിന്തയുടെയും പ്രവർത്തനങ്ങളുടെയും കേന്ദ്ര ആശയമാണ് പരിശുദ്ധിയും മലിനീകരണവും.ചെറിയ ഒരു മലിനീകരണത്തിനു തന്നെ അതിൽ പങ്കെടുത്തവൻ കഴുകി വൃത്തിയാകലും,പ്രത്യേക പ്രാർത്ഥനയും നടത്തണം എന്നാണ് ഇവരുടെ വിശ്വാസം.
വെള്ളത്തിന്റെ പരിശുദ്ധി സൊറസ്റ്ററാനിസത്തിൽ വളരെ പ്രധാനപ്പെട്ടതാണ് .ജനങ്ങൾ ഒരിക്കലും വെള്ളത്തിൽ മൂത്രം ഒഴിക്കാൻ പാടില്ല .ശവശരീരം വെള്ളത്തിൽ മുക്കുകയോ,ഒഴുക്കുകയോ ,സംസ്കരിക്കുകയോ ഇവർ ചെയ്യില്ല .കാരണം തീയും,ഭൂമിയും വെള്ളവും,പരിശുദ്ധമായിരിക്കണമെന്നാണ് ഇവരുടെ വിശ്വാസം. അതുകൊണ്ട് തന്നെ മൃത ശരീരങ്ങൾ പക്ഷികൾക്ക് ഇട്ടു കൊടുക്കുക എന്നതാണ് ഇവരുടെ പതിവ്. നൂഹിന്റെ ജലപ്രളയത്തെക്കുറിച്ചുള്ള കഥ ചില പേരുകളിലുള്ള വ്യത്യാസങ്ങളോടു കൂടി സൊറസ്റ്ററാനിസത്തിലും പറയുന്നുണ്ട്. ജലവുമായി ബന്ധപ്പെട്ട് ഇവരിലുള്ള ഒരുപാട് വിശ്വാസങ്ങൾ ഇനിയും നമുക്കു പറയാനുണ്ട്.തൽക്കാലം ഇത്രയും മതി.

---

## സംസത്തിന്റെ യാഥാർത്ഥ്യം.

പരമകാരുണികനായ ദൈവം അവന്റെ ഗ്രന്ഥത്തിൽ സംസം എന്ന കിണർ വെള്ളത്തെക്കുറിച്ച് ഒരു പദം പോലും പറഞ്ഞിട്ടില്ല .സംസം കിണർ ദൈവം സൃഷ്ടിച്ച മറ്റുള്ള കിണറുകൾ പോലെ തന്നെയാണ് .സംസം എന്ന കിണറും മറ്റു കിണറുകളെപ്പോലെത്തന്നെ നന്നായി ശ്രദ്ധിച്ചില്ലെങ്കിൽ വറ്റു വരളുകയും ,നശിക്കുകയും ചെയ്യും.

أَلَمْ تَرَوْا أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ
نِعَمَهُۥ ظَٰهِرَةً وَبَاطِنَةً ۗ وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا
هُدًى وَلَا كِتَٰبٍ مُّنِيرٍ ﴿٢٠﴾

“ഈ ആകാശങ്ങളിലുള്ളതും ,ഭൂമിയിലുള്ളതുമെല്ലാം നിങ്ങൾക്കുവേണ്ടി അധീനപ്പെടുത്തി തന്നവനും തന്റെ അനുഗ്രഹങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും നിങ്ങൾക്കു സമ്പൂർണ്ണമാക്കിയവനും ദൈവം തന്നെയാണെന്നു നിങ്ങൾ കണ്ടിട്ടില്ലേ?എന്നാൽ വല്ല അറിവോ ,വല്ല മാർഗ്ഗനിർദ്ദേശമോ,വെളിച്ചം നൽകുന്ന ഗ്രന്ഥമോ കൂടാതെ ദൈവത്തിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ മനുഷ്യരിലുണ്ട്.” (31:20)

അറബികളുടെ ചരിത്രമനുസരിച്ച്  സംസം കിണർ 4000 വർഷത്തിനിടയിൽ കുറെ കാലം അതിലെ വെള്ളം വറ്റുകയോ ,മണലിൽ മൂടപ്പെട്ടുകയോ ചെയ്തിട്ടുണ്ടെന്നാണ് പറയുന്നത്. പരമകാരുണികൻ പറയുന്നു.

قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ ﴿٣٠﴾

"പറയുക ,നിങ്ങളുടെ വെള്ളം വറ്റിപ്പോവുകയാണെങ്കിൽ ആരാണ് നിങ്ങൾക്ക് ശുദ്ധമായ വെള്ളം കൊണ്ടു വന്നു തരിക?"

സംസം വെള്ളം സംരക്ഷിക്കുന്നതിനും , വിതരണം ചെയ്യുന്നതിനും,അതിന്റെ അളവും ഗുണവും നോക്കുന്നതിനും വേണ്ടി സൗദി ജിയോളജിക്കൽ സർവ്വെ(SGS) യുടെ കീഴിൽ സംസം സ്റ്റഡീസ് ആൻഡ് റിസേർച്ച് സെന്റർ എന്ന പേരിൽ ഒന്നുണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി ഈ സെന്റർ ജലത്തിന്റെ അളവും ലഭിക്കാനുള്ള മാർഗ്ഗങ്ങളുടെ മേൽനോട്ടം വഹിക്കാനുമുള്ള ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തീർത്ഥാടകരുടെയും ,സ്വദേശികളുടെയും ആവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് അവർക്ക് വിതരണം ചെയ്യാനും കാര്യങ്ങൾ നിയന്ത്രിക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ സെന്റർ നൽകുന്നു .

إِنَّا كُلَّ شَىْءٍ خَلَقْنَٰهُ بِقَدَرٍ ﴿٤٩﴾

"തീർച്ചയായും നാം എല്ലാം സൂക്ഷ്മമായ ഒരു കണക്ക് അനുസരിച്ചാണ് സൃഷ്ടിച്ചിരിക്കുന്നത് " (54:49)

ജനങ്ങളുടെ ആവശ്യകത പരിഹരിക്കുന്നതിനുവേണ്ടി തുടർച്ചയായി സംസം കിണറിലേക്കു വെള്ളം പമ്പു ചെയ്യപ്പെടുകയും ,അണ്ടർ ഗ്രൗണ്ടിലേക്കുള്ള ടാങ്കുകളിൽ വെള്ളം സംഭരിച്ചുവെക്കപ്പെടുകയും ചെയ്യുന്നു. ഉപഭോക്താക്കൾക്ക് സംസം വെള്ളം വിതരണം ചെയ്യുന്നതിനു മുമ്പും മദീനയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പും രണ്ടു മൂന്നു തരത്തിലുള്ള ശുദ്ധീകരണം നടത്തുന്നു

ഒരുപാട് തീർത്ഥാടകർ അവകാശപ്പെടുന്നത് എല്ലാ തരത്തിലുള്ള അനുഗ്രഹങ്ങളും സുരക്ഷയും സംസം വെള്ളത്തിന് ഉണ്ട് എന്നതാണ് .പരമകാരുണികനായ ദൈവത്തിന്റെ  എല്ലാ അനുഗ്രഹങ്ങളും സുരക്ഷയും എല്ലാ വസ്തുക്കളുമുണ്ട് എന്നു നാം അറിയേണ്ടതുണ്ട്. മറ്റെല്ലാ വസ്തുക്കൾക്കും കിട്ടിയതുപോലുള്ള അനുഗ്രഹങ്ങളും സുരക്ഷയും തന്നെയുള്ളൂ സംസം കിണറിനുമുള്ളൂ എന്ന വിശ്വാസത്തിൽ നിന്നും നമ്മെ തെറ്റിച്ച് ഈ വെള്ളത്തോട് ഒരു ആരാധന ഉണ്ടാക്കുക വഴി പിശാചിന്റെ അനുഗ്രഹമാണ് അതിനു ലഭിച്ചിട്ടുള്ളത്. ശൈത്താൻ എപ്പോഴും നമ്മെ ദൈവത്തിൽ നിന്നും ശക്തിയില്ലാത്ത  വസ്തുക്കളിലേക്കു തിരിക്കുക പതിവാണല്ലോ?ഇതുപോലെ തന്നെയാണ് ഹജറുൽ അസ് വദിന്റെ (Black stone) കാര്യവും .ഇങ്ങിനെയാണ് ദൈവത്തിനെ വിട്ട് ശൈത്താൻ ശക്തിയില്ലാത്ത വസ്തുക്കളിലേക്കും വ്യക്തികളിലേക്കും നമ്മെ തിരിച്ചുവി

ട്ട് വിഗ്രഹാരാധകരാക്കി മാറ്റുന്നത്.

فَإِنَّهُمْ عَدُوٌّ لِّيٓ إِلَّا رَبَّ ٱلْعَٰلَمِينَ ﴿٧٧﴾

“ഞാനവരുടെ എതിരാണ് ,കാരണം ഞാൻ ഈ പ്രപഞ്ചത്തിന്റെ രക്ഷിതാവിനോടു മാത്രമെ ഭക്തി കാണിക്കുന്നൊള്ളൂ"

ٱلَّذِى خَلَقَنِى فَهُوَ يَهْدِينِ ﴿٧٨﴾

“ എന്നെ സൃഷ്ടിക്കുകയും എനിക്കു മാർഗ്ഗനിർദ്ദേശം നൽകിയവനുമാണവൻ"

وَٱلَّذِى هُوَ يُطْعِمُنِى وَيَسْقِينِ ﴿٧٩﴾

“ അവനാണ് എന്നെ ഭക്ഷിപ്പിക്കുന്നതും എന്നെ കുടിപ്പിക്കുന്നതും "

وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾

“ഞാൻ എപ്പോൾ രോഗിയാവുന്നുവോ അപ്പോൾ അവൻ എന്നെ സുഖപ്പെടുത്തുന്നു"

وَٱلَّذِى يُمِيتُنِى ثُمَّ يُحْيِينِ ﴿٨١﴾

“എന്നെ മരിപ്പിക്കുകയും എന്നിട്ട് എന്നെ ജീവിതത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്നു "

وَٱلَّذِىٓ أَطْمَعُ أَن يَغْفِرَ لِى خَطِيٓـَٔتِى يَوْمَ ٱلدِّينِ ﴿٨٢﴾

“ വിധി ദിനത്തിൽ എന്റെ തെറ്റുകൾ എനിക്കു പൊറുത്തുതരുവാൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നവനാണവൻ"

رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿٨٣﴾

“എന്റെ രക്ഷിതാവേ ,എനിക്കു വിവേകം നൽകുകയും,എന്നെ നല്ലത് പ്രവർത്തിക്കുന്നവരിൽ ഉൾപ്പെടുത്തുയും ചെയ്യേണമേ"

ലോകത്തിന്റെ ഏതുകോണിൽ ജീവിക്കുന്നവർക്കും ജീവിതം നൽകുന്നത് അവിടുത്തെ ദൈവത്തിന്റെ ജലമാണ് .ഏതു ശുദ്ധമായ വെള്ളവും പവിത്രമാണ് .അല്ലാതെ പവിത്രമായ സ്ഥലത്ത് മാത്രം പവിത്രമായ വെള്ളം എന്നത് ഖുർആനിക ആശയമല്ല .

സഹോദരങ്ങളെ ഖുർആൻ പഠിക്കുക ! ചിന്തിക്കുക ! അതിനെ പിന്തുടരുക ! !

---